
# ഇ - മഷി





## എ എം എം എച്ച് എസ് ഓതറ

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ

**"e -മഷി"** എന്ന ഡിജിറ്റൽമാഗസിൻ ഏവർക്കുമായി

സമർപ്പിക്കുന്നു.............




# സന്ദേശം

പൊതുവിദ്യാഭ്യാസമേഖല സമൂലമായ ഒരു പരിവർത്തനത്തിലൂടെ കടന്നു

പോവുകയാണ്.പരമ്പരാഗതമായി ശീലിച്ചുവന്ന പഠനബോധന തന്ത്രങ്ങൾക്കു

പകരം വിവരസാങ്കേതികവിദ്യയുടെ പുത്തൻ സാധ്യതകളെ

പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നു. വിദ്യാലയങ്ങളുടെ

ആന്തരികഘടനതന്നെ മാറിയിരിക്കുന്നു . ആധുനിക

സജ്ജീകരണങ്ങളോടുകൂടിയ സ്മാർട്ട് റൂമുകളിൽ വിദ്യാർത്ഥികൾ ഉല്ലാസഭരിതരായി പഠനം നടത്തുന്നു.

കുട്ടികളുടെ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കുവാനും മറ്റുകുട്ടികളെ പരിശീലിപ്പിക്കുവാനുംLITTLE KITES നടത്തുന്ന ഉദ്യമങ്ങൾ ശ്ലാഘനീയമാണ്.നമ്മുടെ സ്കൂളിലെ LITTLE KITES ഒരു ഡിജിറ്റൽ മാസിക രൂപീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.

റ്റി . ജെ .പീറ്റർ,

ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ

സമസ്ത മേഖലകളിലും ഡിജിറ്റലൈസേഷൻ പ്രാവർത്തികമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.ശാസ്ത്രം,സാങ്കേതികവിദ്യ,പ്രതിരോധപ്രവർത്തനങ്ങൾപണമിടപാടുകൾ എന്നുവേണ്ട മനുഷ്യജീവിതത്തിലെ എല്ലാം ഡിജിറ്റലായി കഴിഞ്ഞു.

മാറുന്ന സാഹചര്യത്തിൽ പുതിയ സാങ്കേതിക വിദ്യയ്ക്ക് അനുസൃതമായ ഒരു വിദ്യാഭ്യാസ പ്രക്രിയയിലേക്ക് കുട്ടികൊണ്ടു പോകുന്ന തരത്തിലാണ് ആധുനിക ഡിജിറ്റൽ ക്ലാസുകൾ രൂപകൽപന ചെയ്തിരിക്കുന്നത്. പഠനം കൂടുതൽ ആകർഷകവും വളരെ പ്രസക്തവുമാക്കുന്നതിൽ ഡിജിറ്റൽ ക്ലാസുകൾക്ക് ഏറെ പ്രാധാന്യമുണ്ട്.

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെസര്ഗവാസനകളുടെപ്രതിഭലനങ്ങള്ഡിജിറ്റൽമാതൃകയിൽ രൂപകൽപന ചെയ്ത ഡിജിറ്റൽ മാഗസിൻ **'e-മഷി'** യിലൂടെ പുറത്തിറക്കുന്നു സ്വീകരിച്ചാലും.

ചീഫ് എഡിറ്റർ
ജേക്കബ് അറയ്ക്കൽ

# അഭിനന്ദനങ്ങൾ.......



SEBIN DANI THOMAS

**LK സംസ്ഥാനതല ക്യാമ്പിൽ പങ്കെടുത്തു**



NEHA SHAJI

**Sasthrayanam ക്യാമ്പിൽ തെരഞ്ഞെടുത്തു**

# ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ



# ഉള്ളടക്കം


സന്ദേശം 3

എഡിറ്റോറിയൽ 4

ലഘുചരിത്രം 7 - 10

## കഥ


സ്നേഹത്തോടെ ഉമ്മ 12 – 13

അന്നു പെയ്ത മഴയിൽ 18 – 19

സ്വപ്നം 22 - 26


## കവിത


The Voice Of Disappointment 14

നിനച്ചൊരാ ജീവതാളം 15 – 16

നിലാവിൽ 20


## ലേഖനം


തീവ്രമായി ആഗ്രഹിക്കാം 27 - 28

# ലഘു ചരിത്രം

ഓതറ ഗ്രാമത്തിന്റെ സാമൂഹിയ-സാംസ്കാരിക പുരോഗതിയിൽ നിർണായക പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന എ. എം. എം. ഹൈസ്കൂൾ 1964 ജൂൺ1-ന് സ്ഥാപിതമായി. മൂന്നു ഡിവിഷനുകളിലായി 142 കുട്ടികളുമായിട്ടാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.

1967 മാർച്ചിൽ ആദ്യ എസ്. എസ്. എൽ. സി വിദ്യാർത്ഥികൾ പരീക്ഷ എഴുതി.1974-75 ൽ സ്കൂളിന് സ്ഥിരാംഗീകാരം ലഭിച്ചു .1988-89 രജതജൂബിലി വർഷമായി കൊണ്ടാടി. ജൂബിലി സ്മാരക ഹാൾ, ശുദ്ധജല വിതരണ പദ്ധതി എന്നിവ പൂർത്തീകരിച്ചു. 1996-ൽ സ്റ്റേഡിയം കോംപ്ലക്സിന്റെ പണി പൂർത്തിയായി. 1998-ൽ സ്കൂളിന് മനോഹരമായ ഗേറ്റ് നിർമ്മിച്ചു. 1995-96 ൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചു. 1998-ലെ ആദ്യ എസ്.എസ്.എൽ. സി ഇംഗ്ലീഷ് മീഡിയം ബാച്ച് 100% വിജയം നേടി. ഇപ്പോൾ 8,9,10 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ഉണ്ട്.

1987 മുതൽ പാഠ്യപാഠ്യേതര രംഗത്തെ സുവർണകാലമാണ് സ്കൂളിനുള്ളത്. ഉപജില്ല-ജില്ലതല യുവജനോത്സവം,പ്രവൃത്തിപരിചയമേള, ശാസ്ത്രമേളകൾ സാഹിത്യോത്സവം എന്നി മത്സരങ്ങളിൽ സ്കൂളിന് അഭിമാനാർഹമായ സ്ഥാനം ലഭിച്ചുവരുന്നു.

2001-2002 ൽ പി.ടി എയുടെ ആഭിമുഖ്യത്തിൽ ഒരു സൈക്കിൾ ഷെഡ് നിർമ്മിച്ചു. 2001-2002 മുതൽ എസ്. എസ് . എൽ. സി പരീക്ഷയിൽ ഉയർന്ന സ്കോർ നേടുന്ന വിദ്യാർത്ഥിക്ക് തിരുവല്ല പേടിയിൽ ജ്വവലേഴ്സിന്റെ സ്വർണപതക്കം നൽകിവരുന്നു .2003-2004 ൽ പൂർവ്വവിദ്യാർത്ഥികൾ ചേർന്ന AMMOSA എന്ന സംഘടന രൂപീകരിച്ചു. ഈ സംഘടന സ്കൂൾ പ്രവർത്തനങ്ങളിൽ സഹകരിച്ചുവരുന്നു.

10 കമ്പ്യൂട്ടറുകൾ ഉള്ള ഉന്നതനിലവാരം പുലർത്തുന്ന ഒരു കമ്പ്യൂട്ടർ ലാബ് പി . ടി . എ . യുടെ ആഭിമുഖ്യത്തിൽ 2003 – 2004 ൽ നിർമ്മിച്ചു . 2004 – 2005 ൽ സ്കൂളിന് ഒരു സൗണ്ട് സിസ്റ്റംസംഭാവനയായി ലഭിച്ചു . 2006 – 2007 ൽ സ്കൂൾ ഓഡിറ്റോറിയം പൂർണ്ണമായും വൈദ്യുതികരിച്ചു . 2007 ൽ പൂർവ്വവിദ്യാർത്ഥികളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ ഒരു ബസ് വാങ്ങുവാൻ സാധിച്ചു . 2012-ൽ JRC (ജൂനിയർ റെഡ്ക്രോസ് ) ആരംഭിച്ചു . ഇപ്പോൾ ഈ യൂണിറ്റ് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും കുട്ടികളെ ഗ്രേസ് മാർക്കിന് അർഹരാക്കുകയും ചെയ്യുന്നു .

2013-2014 സുവർണ്ണ ജൂബിലി വർഷമായി ആഘോഷിച്ചു . ജൂബിലി വർഷത്തിൽ അദ്ധ്യാപകരുടെയും മാനേജ്മെന്റിന്റെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ ഒരു സ്മാർട്ട് ക്ലാസ് റൂം നിർ മ്മിക്കുകയും തുടർന്ന് ബഹു. മാത്യു ടി . തോമസ് എം .എൽ . എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സ്മാർട്ട് ക്ലാസ് റൂമിലുള്ള അനുബന്ധ ഉപകരണങ്ങൾ ലഭിക്കുകയും ചെയ്തു . 2017 ജനുവരിയിൽ ഇതിന്റെ

ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു . മഴവില്ല് എന്ന പേരിൽ സുവർണ്ണ ജൂബിലി സ്മരണിക പുറത്തിറക്കി .

2014 – 2015 ൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് ഏർപ്പെടുത്തിയ സയൻസ് ഇൻസ്പെയർ അവാർഡിന് മാസ്റ്റർ ആശേർ പോൾ , മാസ്റ്റർ റിനു രാജൻ, മാസ്റ്റർ ആഷലിൻ തോമസ് എന്നി വിദ്യാർത്ഥികൾ അർഹരായി . രാജ്യസഭാ ഉപാദ്യക്ഷൻ ബഹു. പി.ജെ. കുര്യൻ എം. പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചിലവിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി രണ്ട് ടൊയിലറ്റ് ബ്ലോക്ക് നിർമ്മിച്ചു . അഡ്വ. മാത്യു . ടി . തോമസ് എം . എൽ . എ . 2014 – 2015 ലെ സ്പെഷ്യൽ ഡെവെലപ്മെന്റ് ഫണ്ടിൽ നിന്നും മൂന്ന് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ലഭിച്ചു . 2016 ൽ ഒരു ഹെഡ് മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു . 2016 ഡിസംബറിൽ ലാബും ലൈബ്രറിയും ടൈലിട്ട് വ്യത്തിയാക്കി . 2017 – 18 അദ്ധ്യായ വർഷം എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആക്കുവാൻ സാധിച്ചു . 2018 – 19 ൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് ആരംഭിച്ചു .


2015 മുതൽ തുടർച്ചയായി നടന്ന എസ്. എസ്. എൽ. സി. പരീക്ഷകളിൽ 100 % വിജയം സ്ക്കൂളിന് ലഭിച്ചു . 2015–ൽമാസ്റ്റർ ആശേർ പോൾ , മാസ്റ്റർ അനന്തു മോഹൻ എന്നിവർക്കും 2016–ൽ കുമാരി മിജി . സി . മാത്യുവിനും 2017–ൽ മാസ്റ്റർ ആഷലിൻ തോമസ് ബിജു , കുമാരി റോഷ്നാ സാറാ മാത്യു , കുമാരി ഷാരൺ ജോൺ

എന്നിവർക്കും എല്ലാ വിഷയങ്ങൾക്കും $A^+$ ലഭിച്ചു . 2018-19 അധ്യയന വർഷത്തിൽ 5 full A+ ലഭിച്ചു . Master-Christy c Mathai,കുമാരി Lakshmi Santhosh,കുമാരി Aparna Radhakrishnan,കുമാരി Sophy Anna Kurien,കുമാരി Pretty Feba.s. Kesavan

എന്നിവരാണ് സ്കൂളിന് അഭിനന്ദാർഹമായ നേട്ടങ്ങൾ കൈവരിച്ചു.

സംസ്ഥാന ക്യാപിൽ പങ്കെടുത്ത ഏക വ്യക്തിയാണ്.കഴിഞ്ഞ 56 വർഷമായി ഈ വിദ്യാലയത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവകൃപയെ നന്ദിയോടെ സ്മരിക്കുന്നു . സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ചുകൊണ്ടിരിക്കുന്ന രക്ഷകർത്താക്കൾ , പൂർവ്വ വിദ്യാർത്ഥികൾ , അഭ്യുദയകാംക്ഷികൾ , നാട്ടുകാർ , എൽ . ഐ . സി . മാനേജ്മെന്റ് എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു .

ഗ്രാമീണ ചൈതന്യം ഉൾക്കൊള്ളുന്ന ഓതറയുടെ തിലകക്കുറിയായി എ . എം . എം .ഹൈസ്കൂൾ ശോഭിക്കുവാൻ , പുരോഗമിക്കുവാൻ തുടർന്നും പ്രാർത്ഥനയോടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.



E-മഷി

ASWATHY RAJAN
8A
എ എം എം എച്ച് എസ്

# സ്നേഹത്തോടെ "ഉമ്മ"

മുളകമ്പുകൊണ്ട് കെട്ടിയ വേലിക്കരികിൽ പത്ത് വയസുകാരൻ അനസ് കണ്ണിമവെട്ടാതെ ദൂരെ ഇടവഴിയിലേക്കും നോക്കിനിൽക്കാൻ തുടങ്ങിയിട്ട് നേരം കുറച്ചായി. അങ്ങ് ദൂരെ ആ ഇടവഴിയും താണ്ടി തന്റെ ഉമ്മയുടെ വരവും കാത്ത് നിൽക്കൽ അനസിന് പതിവാണ്.അനസിന് അഞ്ച് വയസുള്ളപ്പോൾ അവന്റെ ഉപ്പ നാട് വിട്ട പോയതാണ്. അതിനുശേഷം കുഞ്ഞു അനസുമോനെ വളർത്താൻ ആ ഉമ്മാക്ക് ഒരുപാട് കഷ്ടപ്പാട് വേണ്ടിവന്നു. ആരും സഹായത്തിനില്ലെന്ന് ബോധ്യമായപ്പോൾ, അനസ് വളരുന്നത് കണ്ടപ്പോൾ ആ ഉമ്മ വീട്ടുജോലിക്ക് പോയി മകനെ വളർത്തി.അൽപം ദൂരെ മാറി ഒരു വലിയ വീട്ടിലാണ് ഉമ്മ വീട്ടുജോലിക്ക് പോകുന്നത്. അനസ് സ്കൂളിൽ പോകാൻ തനിച്ച് തന്നെ ഒരുങ്ങും. ഉമ്മ നേരത്തെ പോകും എന്ന് അവനറിയാം. സ്കൂളിൽ പോകുമ്പോൾ അവന് എന്തെങ്കിലും കഴിക്കണമെങ്കിൽ ഉമ്മ വരണം. വീട്ട് ജോലി കഴിഞ്ഞാൽ ആ ഇടവഴിയും താണ്ടി ഉമ്മ വരുമ്പോൾ അവന്റെ കണ്ണുകൾ ഉമ്മയുടെ മടിക്കെട്ടിലായിരിക്കും. വിശന്ന വയറുമായി ആ മടിക്കെട്ട് നോക്കി വെള്ളമൂറി നിൽക്കുന്ന അനസിന് ഉമ്മ തന്റെ മടിക്കെട്ടിൽ നിന്ന് ജോലിക്ക് പോയ വീട്ടിൽ നിന്ന് കൊടുത്ത എന്തെങ്കിലും ആഹാരം, നിറഞ്ഞ പുഞ്ചിരിയോടെ കൊടുക്കും. എന്നും അത് കഴിച്ചാണ് അനസ് സ്കൂളിൽ പോകാറ്. ഇന്ന് പക്ഷേ പതിവ് തെറ്റി........ സ്കൂളിൽ പോകാനുള്ള സമയം ആയി. അവന്റെ കുഞ്ഞു മനസ്സ് സങ്കടപ്പെട്ടു. ഉമ്മ വരാനുള്ള സമയം കഴിഞ്ഞു. വേലിക്കരികിൽ നിന്ന് മുഷിയിമ്പോൾ വീടിന്റെ ഉമ്മറപ്പടിയിൽ ചെന്നിരിക്കും. സ്കൂളിൽ പോകാൻ വൈകുന്നതിനേക്കാൾ ഏറെ വേദനാജനകമായിരുന്ന അവന്റെ

കുഞ്ഞുവയറിന്റെ വിശപ്പ്. മുളങ്കമ്പിൽ വയറ് ചേർത്തുവച്ച് കണ്ണുകളെ ദൂരെ ഇടവഴിയിലേക്ക് ഉമ്മയെ തിരയാൻ വിടും.
അവന്റെ വിശപ്പ് സങ്കടമായി കണ്ണുനീരായ് ഒഴുകി. മുളങ്കമ്പു കെട്ടിയ വേലിക്കിടയിലൂടെ അവൻ കുനിഞ്ഞു പുറത്തു കടന്നു.
ഉമ്മ ജോലി ചെയ്യുന്ന ആ വലിയ വീട് ലക്ഷ്യമാക്കി അനസ് ഓടി. ആ വീട്ടിലേക്ക് അവൻ അന്നുവരെ കയറിയിട്ടില്ല. മതിൽക്കെട്ടിന്റെ അടുത്തെത്തിയപ്പോൾ അവൻ അവിടെ തമ്പിട്ടു. അകത്ത് കയറാൻ അവന് ഭയമായിരുന്നു.മതിലിന്റെ ചെറിയ ഇടയിലൂടെ അവൻ ഉമ്മയെ തിരഞ്ഞു. തന്റെ ഉമ്മ ആ വീട്ടിലെ പണികൾ ചെയ്യുന്നത് നിറകണ്ണുകളോടെ അവൻ നോക്കിനിന്നു. ആ വീട്ടിലെ മുതലാളി ഇന്ന് ഗൾഫിൽ നിന്ന് വരുന്നതുകൊണ്ട് പതിവിൽ കൂടുതൽ പണിയുണ്ടായിരുന്നു. “ ഉമ്മാ എനിക്ക് വിശക്കുന്നു" എന്ന് വിളിച്ചുപറയാൻ അവന് തോന്നി . ഉമ്മയുടെ പണികളെല്ലാം തീർന്നെന്ന് അവന് മനസ്സിലായി. ഉമ്മ കൈകാലുകൾ കഴുകി വീടിന്റെ പിന്നാമ്പുറത്ത് ചെന്നിരുന്നു. വീട്ടിലെ ജോലിക്കായി ഉമ്മാക്ക് കഴിക്കാനുള്ള ചായയും രണ്ടു കഷണം പുട്ടും വെച്ചുകൊടുത്തു.ഉമ്മ ചായ വേഗം വലിച്ച് കുടിച്ച് തീർത്തു. എന്നിട്ട് ആ രണ്ടു കഷണം പുട്ടെടുത്ത് തന്റെ മടിക്കെട്ടിലേക്ക് വെച്ചു. അതുകണ്ട ആ കുഞ്ഞ് മനസ്സ് പിടഞ്ഞു. “ഉമ്മ കഴിക്കാതെയാണോ എനിക്ക്?” അവൻ കരഞ്ഞ്കൊണ്ട് വീട്ടിലേക്കോടി. വീടിന്റെ ഉമ്മറപ്പടിയിലിരുന്ന് അവൻ തേങ്ങി. പിന്നെ കണ്ണുകൾ തുടച്ച് ഉമ്മയെ കാത്ത് പതിവുപോലെ വേലിക്കൽ ചെന്ന് നിന്നു. ദൂരെ ഇടവഴി താണ്ടി ധൃതിയിൽ നടന്നുവരുന്ന ഉമ്മയെ അവൻ നോക്കി നിന്നു. അവന്റെ വിശപ്പെല്ലാം അവൻ മറന്ന്പോയി. അന്ന് വരെ വെള്ളം ഊറിക്കൊണ്ട് നോക്കി നിന്ന ഉമ്മയുടെ മടിക്കെട്ടല്ല അവൻ ആ നിമിഷം കണ്ടത്. തനിക്ക് വേണ്ടി കഴിക്കാതെ മാറ്റിവെച്ച് വിശപ്പ് സഹിച്ച ഉമ്മയുടെ സ്നേഹമായിരുന്നു ആ മടിക്കെട്ട് നിറയെ. ഉമ്മ ഓടിവന്ന് അനസിനെ ചേർത്ത് പിടിച്ചു. “ മോന് വിശന്നിട്ടുണ്ടാവും അല്ലേ..”എന്ന് പറഞ്ഞ് മടിക്കെട്ടിൽ നിന്ന് ആ രണ്ടു കഷണം പുട്ടെടുത്ത് ഒരു പാത്രത്തിലിട്ട് അനസിന് വെച്ച് കൊടുത്തു. അനസ് ഉമ്മയെ നോക്കി. “ ഇക്ക് വിശപ്പില്ല ഉമ്മ........ഉമ്മ കഴിച്ചോളൂ....” “ഉമ്മ

കഴിച്ചതാ മോനേ, ഇത് മോനുള്ളതാ..”. “എന്നാലും ഇന്ന് ഉമ്മ എന്റെ കൂടെയിരുന്ന് കഴിക്കണം എന്നാലേ ഞാൻ കഴിക്കൂ. ഒടുവിൽ അനസിന്റെ വാശിക്കു മുന്നിൽ കീഴടങ്ങി, ഉമ്മയും അനസിന്റെ കൂടെയിരുന്നത് കഴിച്ചു. ഒരു ചെറു പുഞ്ചിരിയോടെ അനസ് ഉമ്മ കഴിക്കുന്നത് നോക്കി ഇരുന്നു.

Helen K George
10 B

THEME:SONG OF A RIVER

## THE VOICE OF DISAPPOINTMENT

My childhood was very nice
As i mingled with my friends
They are very dear to me
But we changed the way we are.

They flowed into a different way
Which was very different
to a path where the humans
Had dumped their unusefuls.

They called me to join them
But i didn't
Asi knew the after effects
of joining them.

I stayed at my birthplace
At the starting point
Where i learned and practised
my flow.

Later,i heard the voice of my friends
As a noise of disappointment

The humans had burried them
Under the deeply soil.

They had a plan
To build a project
On their body
Which would earn very much.

They could have been
To flow in a different way
They fell in their cremation
due to their discourage.

As i had sung before them
The incidents of the world
They itself named it as
The Song of a River.

**NEHA SHAJI,9 A**

# നിലച്ചൊരാ ജീവതാളം

ആടിത്തിമിർത്തുനിൽക്കുന്നിതാ കൊമ്പത്ത്
ഒരുകൊച്ചു കുഞ്ഞുപോൽ നീയും...
എന്തേ..! നിനക്കീ കുഞ്ഞിളം വദന-
ത്തിലൊരുതുള്ളി മഞ്ഞിൻകണങ്ങൾ
ലതകൾതൻകൈകളിൽത്തൊട്ടിലാട്ടിക്കളി-
ച്ചമ്മാനമാടിയ നാളിൽ...
എങ്ങുനിന്നോവന്നിളം കൈകളിൽത്തട്ടി

മാഞ്ഞുപോയച്ചെറുകാറ്റും...

ബാല്യകാലത്തിൽനിന്നൊക്കെയും

ദുഃഖമാണിന്നത്തെകാലത്തിൻ മാറ്റം...

* * * * * * * *

അമ്മായി കണ്ടൊരാവൃക്ഷത്തലപ്പിന്റെ

സ്നേഹമായച്ചെറുച്ചൂടും...

ഒക്കെയും മാഞ്ഞുപോയെന്നാരോ-

വാക്കിൽനിന്നെന്തെക്കെയോ മാഞ്ഞപോലെ..

അമ്മതൻസ്നേഹാമൃതം പൂണ്ടൊരാ-

യിളം വർണമിന്നെങ്ങനോ മാഞ്ഞൂ..?

മിന്നിത്തെളിഞ്ഞൊരാ കാലമിന്നെത്രയോ

പിന്നോട്ടുപോയപോലെതന്നോ...

കൗമാരകാലത്തെയൊക്കെയും മായ്ച്ചനീ-

പീർവകാലസ്മൃതിയണഞ്ഞോ....

* * * * * * * *

ബാല്യ-കൗമാര പ്രായത്തിൽനിന്നെത്രയോ

വൃദ്ധയായി തീർന്നുവോ നീയും...

ശോഭിച്ചുനിന്നൊരാ ദീപനാളത്തിൽ-

നിന്നെത്രയോ പെട്ടെന്നണഞ്ഞു...

ജീവനായി കണ്ടൊരായമ്മയിൽനിന്ന് നീ..

വേർപിരിയേണ്ടതായി വന്നോ...

വാടിത്തളർന്ന നീയിന്നിതൻ

മുറ്റത്തെയൊരുപിടി മണ്ണിൽപൊതിഞ്ഞോ..?

മറക്കാതെ നിന്നനിൻ ഹൃദയത്തിലെവിടെയോ

നിലച്ചുനിൻ ജീവന്റെ താളം.....

* * * * * * * *

**nandhana rajendran,**
**10B**





**NEHS SHAJI**
**9A**

എ എം എം എച്ച് എസ്

# അന്നു പെയ്ത മഴയിൽ

ഉച്ചയൂണ് കഴിഞ്ഞ് എല്ലാവരും മയക്കത്തിലാണ്ടപ്പോൾ കുട്ടൻ മാത്രം ഉറങ്ങിയില്ല. അപ്പോഴാണ് അപ്പുറത്തെ വീട്ടിലെ അപ്പുക്കുട്ടൻ വന്ന് കുട്ടനെ കടയിൽ പോകാൻ വിളിച്ചത് പക്ഷേ ഇന്നെന്തോ കുട്ടൻ പോയില്ല.എപ്പോഴും സന്തോഷം മാത്രം കണ്ടിരുന്ന കുട്ടന്റെ മുഖത്ത് വിഷാദം തളംകെട്ടിക്കിടക്കുന്നത് അപ്പു കണ്ടു. അവൻ കുട്ടന്റെ അരികിലെത്തിയിട്ട് ചോദിച്ച " എന്തുപറ്റി കുട്ടാ? നിന്റെ മനസ്സിൽ എന്തോ സങ്കടമുള്ളപോലെ തോന്നുന്നു. എന്താണ് കാര്യം?" കുട്ടൻ പറഞ്ഞു, " നിനക്കറിയാമല്ലോ അപ്പു, നാളെയാണ് നമ്മുടെ സ്കൂളിലെ ഓണാഘോഷ പരിപാടി അതിന് നമ്മൾ എല്ലാവരും വെള്ളക്കുപ്പായമിടാം എന്നല്ലേ തീരുമാനിച്ചിരുന്നത്. അക്കാര്യം ഞാൻ അമ്മയോട് പറഞ്ഞപ്പോൾ അമ്മപറഞ്ഞു പുതിയ വെള്ളക്കുപ്പായം വാങ്ങിത്തരില്ലെന്ന്." "അതിനെന്താ ഒരാഴ്ച മുൻപല്ലേ നിനക്ക് നല്ല ഒരു വെള്ളക്കുപ്പായം വാങ്ങിയത്. അതു ധരിച്ച് സ്കൂളിലെ പരിപാടിക്ക് വന്നാൽ പോരെ ഇപ്പോഴെന്തിനാണ് പുതിയ വസ്ത്രം." എന്ന് അപ്പു അവനോട് പറഞ്ഞു. " പക്ഷേ അപ്പൂട്ടാ ആ വസ്ത്രം

ഞാനൊരു പ്രാവശ്യം ഇട്ടതാണ്." കുട്ടൻ മറുപടി പറഞ്ഞു. "സാരമില്ല, ഏതായാലും ഞാൻ കടയിൽ പോവുകയാണ് നീ എന്തെങ്കിലും ചെയ്തോ". എന്നാൽ കുട്ടൻ ചിന്തിച്ചതെന്താണെന്ന് വച്ചാൽ എങ്ങനെയെങ്കിലും പുതിയ കുപ്പായം വാങ്ങണം എന്നായിരുന്നു.അവൻ ചിന്തിച്ചു "അമ്മയുടെ വഞ്ചിയിൽ കുറേ പൈസയുണ്ട്.അതിൽ നിന്ന് 50 രൂപ എടുത്ത് പുതിയ കുപ്പായം വാങ്ങാം" അവൻ തീരുമാനിച്ചു.അവൻ അങ്ങനെ തന്നെ ചെയ്തു. എന്നാൽ കുട്ടൻ പോയി വെള്ളക്കുപ്പായവുമായി വരുന്ന വഴിക്ക് അതിശക്തമായ കാറ്റും മഴയുമുണ്ടായി.ശക്തമായ കാറ്റിനിടയിൽ കുട്ടൻ ആശിച്ചുവാങ്ങിയ വെള്ളക്കുപ്പായം അവന്റെ കയ്യിൽ നിന്നും നിലത്തുവീണു അതിൽ ചെളി പിരണ്ടു.തൂവെള്ള നിറമാർന്ന ആ കുപ്പായം ചെളിയിൽ വീണു കറുത്തു. അന്ന് കുട്ടന് വളരെ സങ്കടമായി. വീട്ടിൽ ചെന്നപ്പോൾ അമ്മയുടെ കയ്യിൽ നിന്ന്, കുടുക്കയിൽ  നിന്ന് പണം മോഷ്ടിച്ചതിന്  നല്ല അടിയും കിട്ടി.അന്ന് അപ്പോൾ പെയ്ത മഴയിൽ കുട്ടൻ ഒരു സത്യം മനസ്സിലാക്കി " അത്യാഗ്രഹം ആപത്ത്".അതിൽ പിന്നെ കുട്ടൻ അർഹതയില്ലാത്തത് ആഗ്രഹിച്ചിട്ടില്ല.

JAYA AISWARYA

8 A

കവിത

## നിലാവിൽ

ഒരു നീലരാവിന്റെ ഇടവേളയിൽ
ഒരു കുഞ്ഞുകാറ്റായ് അവൾ വന്നു
ഇന്നീ ഇരവിന്റെ ഇടവേളയിൽ
ഒരു കുഞ്ഞുനോവായ് അവൾ മറഞ്ഞു

എന്റെ ഇടനെഞ്ചിലെ അടിത്തട്ടിൽ
ഒരു നറു ചിരിയുമായ് അവൾ വന്നു
എന്റെ കിനാവിന്റെ ഇടവഴികളിൽ
ഒരു നിഴലായി അവൾ മാഞ്ഞു


എൻ നെഞ്ചിലെ കനൽക്കൂട്ടിൽ
ഒരു തിരിയുമായ് അവൾ വന്നു
ഒരു കാറ്റിനാൽ ചെറു കാറ്റിനാൽ
അവൾ എന്നിൽ നിന്നും അകന്നു

ഈ രാവിലും അതിരാവിലും
മിഴിനീരിനാൽ ഞാൻ കാത്തു
നീ വരുമോ എൻ നെഞ്ചിൽ
ഇണകുരുവിയായി പ്രിയസഖിയേ.....

ചെറുതോണിയിൻ കുഞ്ഞോളത്തിൽ
ഞാൻ വരികയായി എൻ സഖിയേ
നീ നിൽക്കുമോ ഈ നിലാവിന്റെ
കുളിരണിയുവാൻ എന്റെ കൂടെ.......

*ബെൻ സി ബെന്നി*
*10 എ*





**KHUSHIMOL**
**9A**

E-മഷി

എ എം എം എച്ച് എസ്

# സ്വപ്നം

സസ്യശ്യാമള കോമളമായി ഹരിതാഭയണിഞ്ഞ് ഗ്രാമം.പച്ചപ്പ് നിറഞ്ഞ വയലേലകൾ തെളിനീരൊഴുകുന്ന അരുവികൾ.കിഴക്കൻ ചക്രവാളത്തിൽ നിന്ന് ഇനൻ ശോഭയോടെ ഉദിച്ചുവരുന്നു.ഈ വയലോരത്താണ് അവ

വീട്.അനന്ദുവിന്റെ  വീട്.കൃഷി ഉപജീവനമാക്കിയ അഛ്ചൻ,വീട്ടിലെ പാചകറാണി അമ്മ,കഥ പറഞ്ഞു തരുന്ന മുത്തശ്ശി,വീട്ടിലെ കാരണവർ മുത്തശ്ശൻ.ഇവരെല്ലാമടങ്ങുന്നതാണ് അനന്ദുവിന്റെ വീട്.

ഒരു ദിവസം സ്കൂൾ കഴിഞ്ഞ് വന്ന് കുളിച്ച് തൊടിയിലും പറമ്പിലുമൊക്കെ ചുറ്റിക്കറങ്ങി അനന്ദു വീട്ടിലേക്ക് കയറി.അമ്മ ദീപം തെളിച്ച് സന്ധ്യാപ്രാർത്ഥന നടത്തി.കുറച്ചു നേരം പഠിച്ചശേഷം അനന്ദു ഓടി മുത്തശ്ശിയുടെ മടിയിൽ കിടന്നു.

"മുത്തശ്ശീ....മുത്തശ്ശീ....എനിക്ക് കഥ പറഞ്ഞു താ..." അനന്ദു ശാഠ്യം പിടിച്ചു. "കുറച്ചു കഴിയട്ടെ...മോൻ പോയി പഠിക്ക്..." മുത്തശ്ശി എതിർത്തു.പക്ഷേ അനന്ദു വിട്ടു കൊടുത്തില്ല.അവസാനം മുത്തശ്ശി അവന്റെ വാശിക്കു മുന്നിൽ കീഴടങ്ങി. "ശരി.ഞാൻ കഥ പറഞ്ഞു തരാം."

മുത്തശ്ശി കഥ തുടങ്ങി:

“നമ്മുടെ ഗ്രാമം പോലെ സുന്ദരമായ ഗ്രാമം. അല്ല; അതിലും ഭംഗിയേറിയ ഗ്രാമം.ഏക്കർ കണക്കിന് കൃഷിയിടങ്ങൾ.അവിടെയെല്ലാം പച്ചക്കറികളും കിഴങ്ങുവർഗങ്ങളും.ഇതിന്റെയെല്ലാം ഉടമ അവളും അവളുടെ കുടുംബവുമാണ്. മാളു. അവളാണ് ഈ വീട്ടിലെ താരം. ആ വീടിന്റെ ഐശ്വര്യവും വെളിച്ചവുമെല്ലാം അവളാണ്.കൃഷി എന്നുവച്ചാൽ അവൾക്ക് ജീവനാണ്. പ്രകൃതി അമ്മയെപ്പോലെയാണ്.സ്കൂളിൽ നിന്ന് വന്നാൽ മുഴുവൻ സമയം പറമ്പിലും കൃഷിയിടത്തുമാണ്.ആ നാട്ടിലേക്കുള്ള പച്ചക്കറി മുഴുവൻ ഇവരുടെ പറമ്പിൽ നിന്നാണ് കൊടുക്കുന്നത്. സന്തോഷവും സമാധാനവും നിറഞ്ഞ വീട്.

എന്നാൽ.........ഈ വീട്ടിലെ സ്ഥിതിയെല്ലാം മാറിമറിഞ്ഞത് പെട്ടന്നായിരുന്നു. മാളുവിന്റെ അച്ഛന് പട്ടണത്തിലെ  വലിയൊരു കമ്പനിയിൽ ജോലി കിട്ടി.എന്നാൽ ഈ കാര്യം വീട്ടിലെല്ലാരും അറിഞ്ഞത് വളരെ വൈകിയായിരുന്നു. ജോലികിട്ടിയ കാര്യം അറിഞ്ഞപ്പോൾ എല്ലാവർക്കും വളരെ സന്തോഷമായി.പക്ഷേ,അവർ അറിഞ്ഞില്ല അവരെ കാത്തിരുന്നത് ഒരു സ ടക്കടലായിരുന്നു എന്ന്.പട്ടണത്തിലേക്ക് പോകാൻ ഒരുപാട് ദൂരമുള്ളതുകൊണ്ട് അച്ഛൻ നഗരത്തിലേക്ക് കുടുംബമായി ചേക്കേറാൻ തീരുമാനിച്ചു.പട്ടണത്തിലേക്ക് മാറുന്നതുകൊണ്ട് ഗ്രാമത്തിലെ വീടും ഏക്കർ കണക്കിന് വസ്തുവും ഒരാൾക്ക് വിറ്റു. ഈ കാര്യം കേട്ടപ്പോൾ വീട്ടിൽ എല്ലാവർക്കും വളരെ സങ്കടമായി. പ്രത്യേകിച്ച് മാളുവിനും മുത്തശ്ശിക്കും. അവർക്ക് സങ്കടം താങ്ങാൻ ആയില്ല.

മനസ്സില്ലാമനസ്സോടെ അവർ നഗരത്തിലേക്ക് ചേക്കേറി.അവിടെചെന്നപ്പോഴോ......തിക്കും തിരക്കും നിറഞ്ഞ നഗരം.....എങ്ങും ശബ്ദവും പൊടി പടലങ്ങളും.കുറ്റൻ ഫ്ലാറ്റുകൾ.ഫാക്ടറികളിൽ നിന്നുയരുന്ന വിഷപ്പുക.പെട്ടിപോലിരിക്കുന്ന വീടുകൾ.....ഇതെല്ലാം കണ്ടപ്പോൾ ഇവർക്കാകെ അസ്വസ്ഥത.

ഒരു കുറ്റൻ ഫ്ലാറ്റിലെ ഒരു റൂമിലാണ് അവരുടെ താമസം.അവർക്ക് ഇവിടുത്തെ അന്തരീക്ഷമൊന്നും പിടിച്ചില്ല."ഇതെന്തൊരു സ്ഥലമാ.....എന്തൊരു ശബ്ദമാ.....എനിക്ക് സഹിക്കാൻ വയ്യ.എനിക്ക് എന്റെ വീട്ടിൽ പോകണം........ഇവിടെ നില്ക്കണ്ട.വാ പോകാം അമ്മേ....മുത്തശ്ശി വാ പോകാം."

മാളു ശാഠ്യം പിടിച്ചു.മുത്തശ്ശിയും തന്റെ പരിഭ്രമം പ്രകടിപ്പിച്ചു.നഗരത്തിലേക്ക് മാറിയതോടെ അവരുടെ സന്തോഷം മാറ്റപ്പെട്ടു.

ആദ്യ ദിവസങ്ങളിൽ എതിർപ്പ് പ്രകടിപ്പിച്ച അമ്മ പതിയെ പതിയെ മാറി തുടങ്ങി.ഒരു നഗരവാസിയായി അമ്മ മാറിക്കഴി ഞ്ഞു. അച്ഛനും അമ്മയ്ക്കും നഗരവുമായി പെട്ടെന്ന് പൊരുത്തപ്പെട്ടുപോകാൻ കഴിഞ്ഞെ ലും മാളുവും മുത്തശ്ശിയും അവരുടെ നിലപാടിൽ ഉറച്ച് നിന്നു.

“മോളെ മാളു,നിന്റെ അച്ഛനും അമ്മയും പൂ ർണമായി മാറിക്കഴിഞ്ഞു.അവർക്ക് എത്ര പെട്ടെന്നാണ് ഇവിടവുമായി പൊരുത്തപ്പെടാൻ കഴിഞ്ഞത്.എനിക്ക് ചിന്തിക്കാൻ പോലുമാവുന്നില്ല.സമാധാനത്തോടെ സ്വസ്ഥമായി എന്റെ വീട്ടിൽ

കിടന്ന് കണ്ണടയ്ക്കണമെന്നായിരുന്നു എന്റെ ആശ. പക്ഷേ..... എല്ലാം പോയി.നിന്റെ മുത്തച്ഛന്റെ വിയർപ്പും ചോരയുനാണ് നമ്മുടെ കൃഷിയിടങ്ങളിലെല്ലാം. അത് ഇത്രയും ഉയർന്നതിന്റെ പിന്നിൽ ആ മനുഷ്യന്റെ കഷ്ടപ്പാടാണ്.പക്ഷേ നിന്റെ അച്ഛൻ.......എത്ര നിസ്സാരമായി വളരെ തുശ്ചമായ വിലയ്ക്ക് അത് നല്കി.”

ഇത്രയും പറഞ്ഞതും മുത്തശ്ശിയുടെ കണ്ണീർ അണപൊട്ടിയൊഴുകി. മാളു തന്റെ സങ്കടമെല്ലാം ഉള്ളിൽ ഒതുക്കി മുത്തശ്ശിയെ സമാധാനിപ്പിച്ചു.

പതിയെ അച്ഛന്റെയും അമ്മയുടെയും വസ്ത്രധാരണത്തിൽ മാറ്റം വന്നു. നേരത്തെ എന്നും വീട്ടിൽ കഞ്ഞിയും പയറുമായിരുന്നു പ്രഭാതഭക്ഷണമെ ൽ ഇപ്പോൾ അത് ബ്രഡ്ഡും ജാമുമായി മാറി.പാചകറാണിയായിരുന്ന അമ്മ ഇപ്പോൾ ഹോട്ടലിലെ ഫുഡാണ് വീട്ടിൽ കൊടുക്കുന്നത്. എന്നും രാവിലെ ഒന്ന്ഒന്നര മണിക്കൂർ നടക്കാൻ പോയിരുന്ന അച്ഛൻ ഇപ്പോൾ എവിടെ പോകണമെ ലും വാഹനത്തിലായി.സ്വന്തമായി ഒരു സ്കൂട്ടർ വാങ്ങി.അതിലാണ് ഇപ്പോൾ യാത്ര.

എന്നാൽ,ആരൊക്കെ മാറിയാലും മാളുവിനും മുത്തശ്ശിക്കും അവരുടെ സ്വഭാത്തെയോ അവരുടെ ഇഷ്ടങ്ങളെയോ മാറ്റാൻ കഴിഞ്ഞില്ല.

കഥ കേട്ട്  കേട്ട് അനന്ദു ഉറക്കത്തിന്റെ ആഴങ്ങളിലേക്ക് വഴുതി വീണു.പെട്ടെന്നാണ് അമ്മയുടെ വിളി.

“അനന്ദൂ..........അനന്ദൂ.............എഴുന്നേല്ക്ക് അത്താഴം കഴിച്ചിട്ട് പോയി കിടക്ക്..വാ എഴുന്നേറ്റ് വാ...”

അനന്ദു പെട്ടെന്ന് ചാടി എഴുന്നേറ്റു.അത്താഴം കഴിച്ച് വേഗം പോയി കിടന്നു. ഉറക്കത്തിൽ അനന്ദുവിന് സ്വപ്നത്തിലൂടെ മാളു പ്രത്യക്ഷമായി.

"അനന്ദൂ...ഇത് ഞാനാ മാളു.മുത്തശ്ശി നിനക്ക് പറഞ്ഞ് തന്ന കഥയിലെ മാളു.നീ എന്റെ ജീവിതം കേട്ടില്ലേ. എങ്ങനെ ജീവിച്ചതാ ഞാൻ.എല്ലാം മാറി മറിഞ്ഞില്ലേ.പക്ഷേ, നീ ഒരു കാര്യം ഓർക്കണം.വരാനിരിക്കുന്നത് വലിയൊരാപത്താ.....

സ്വന്തമായി കൃഷി ചെയ്താൽ വിഷം ഇല്ലാത്ത ആഹാരം കഴിക്കാം.അല്ലെ ൽ വിഷമായിരിക്കും ആഹാരത്തിന് പകരം കഴിക്കുന്നത്. അതുകൊണ്ട് ഇന്നുമുതൽ എല്ലാവർക്കും ഒരു കൃഷി തോട്ടം എന്ന രീതിയിൽ നാം മാറണം.നമുക്കാവശ്യമുള്ളത് നാം തന്നെ കൃഷി ചെയ്യണം. ഇതിനുവേണ്ടി ഞാൻ നിന്നെ ചുമതലപ്പെടുത്തുകയാണ്. എല്ലാ വിധ ആശംസകളും നേരുന്നു."

ഇത്രയും പറഞ്ഞതുമല്ല അനന്ദു സ്വപ്നത്തിൽ നിന്നുമുണർന്നു. രാവിലെ പതിവിലും ഉന്മേഷത്തോടെ സ്കൂളിലേക്ക്

പോയി. ക്ലാസിലെ അധ്യാപികയോട് നടന്ന കാര്യമെല്ലാം പറഞ്ഞു.ഉടനെ തന്നെ അധ്യാപിക ഈ കാര്യം പ്രധാനാധ്യാപകനോട് പറയുകയും അനന്ദുവിന്റെ നേതൃത്വത്തിലുള്ള സംഘം ഇതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു.ഓരോ ദിവസവും കൃഷിയിടത്തിൽ വികസനമുണ്ടായി. ആ വർഷത്തെ മികച്ച വിദ്യാലയത്തിനുള്ള പുരസ്കാരം അനന്ദുവിന്റെ വിദ്യാലയത്തിന് ലഭിക്കുകയും മികച്ച വിദ്യാർത്ഥികുള്ള പുരസ്കാരം അനന്ദുവിനും ലഭിച്ചു.

ഈ വിജയത്തിന് പിന്നിലെ രഹസ്യം തന്റെ മുത്തശ്ശിയും,സ്വപ്നത്തിൽ വന്ന മാളുവും ആണെന്ന് അനന്ദു

പറഞ്ഞു. തന്റെ മനസ്സിൽ തനിക്കീ നേട്ടം കൈവരിക്കാൻ സഹായിച്ച മാളുവിനോടുള്ള നന്ദിയും അറിയിച്ചു.

Jisa Eliza Eapen
9A

# തീവ്രമായി ആഗ്രഹിക്കാം

യവനദാർശികനായ പ്ലേറ്റോയ്ക്ക് സംശയം:തന്റെ ഗുരു സോക്രട്ടീസിന് അസാമാന്യബുദ്ധിയും വിവേകവും എങ്ങനെ കൈവന്നു? സംശയം മാറ്റാൻ നിശ്ചയിച്ച സോക്രട്ടീസ് ഒരുനാൾ ശിഷ്യനെക്കൂട്ടി കടൽക്കരയിലേക്കു പോയി. സംഭാഷണത്തിനിടെ അദ്ദേഹം തന്നോടൊപ്പം കടലിലേക്കിറങ്ങാൻ ശിഷ്യനോട് ആവശ്യപ്പെട്ടു. ക്രമേണ ആഴമേറിയ ഭാഗത്തേക്ക് നയിച്ചു.

കഴുത്തറ്റം വെള്ളമായപ്പോൾ മുന്നറിയിപ്പില്ലാതെ പ്ലേറ്റോയുടെ തലപിടിച്ച് വെള്ളത്തിൽ മുക്കിപിടിച്ചു. തുടക്കത്തിൽ പഠനരീതിയെപ്പറ്റി സംശയിച്ച

ശിഷ്യന പിന്നീടു തോന്നി ഗുരു തന്നെ മനപ്പൂർവം മുക്കിക്കൊല്ലാൻ ശ്രമിക്കുകയാണെന്ന്. അല്പം കഴിഞ്ഞപ്പോൾ ഒരിറ്റു വായു കിട്ടിയെ ൽ എന്ന് അതിതീവ്രമായി ആഗ്രഹിച്ചു തല ശക്തമായിക്കുലുക്കി. ശരീരമാസകലം പിടയ്ക്കാൻ തുടങ്ങി.പേശിബലമുള്ള സോക്രട്ടീസിനെ എതിർത്തു തട്ടിനീക്കാൻ ശിഷ്യന കഴിഞ്ഞില്ല.മരണത്തെ മുന്നിൽകണ്ടയാൾക്ക് എങ്ങനെയും വായു കിട്ടുന്നതിനുള്ള തീവ്രമായ ആഗ്രഹം മാത്രം.മറ്റൊന്നും മനസ്സിലേക്ക് കടക്കുന്നതേയില്ല .ശിഷ്യൻ ബോധമറ്റ് അപായഘട്ടത്തിലേത്തിയപ്പോൾ,തലവെള്ളത്തിൽനിന്നുയർത്തി കരയ്ക്കെത്തിച്ചു ശ്വാസം തുടങ്ങികൊടുത്തു.

ബോധം തെളിഞ്ഞ പ്ലേറ്റോ, ഗുരു തന്നെ കൊല്ലാൻ ശ്രമിച്ചെന്ന് ആരോപിച്ചു.അതായിരുന്നു ലക്ഷ്യമെങ്കിൽ നിന്നെ ഞാൻ കരയിലേക്ക് കൊണ്ടുവരുമായിരുന്നോ എന്ന ചോദ്യം കേട്ടപ്പോൾ പ്ലേറ്റോയ്ക്ക് പരീര്ഷണത്തിന്റെ ലക്ഷ്യം മനസ്സിലായി. ആ നിർണായകനിമിഷങ്ങളിൽ വായുവിനുവേണ്ടി അതിതീവ്രമായി ആഗ്രഹിച്ചതുപോലെ നീ അറിവിനുവേണ്ടി ആഗ്രഹിക്കുക എന്നു പറഞ്ഞ് സോക്രട്ടീസ് പ്രായോഗികക്ലാസ് തീർത്തു.

അറിവിനുവേണ്ടി മാത്രമല്ല, ഏതു ലക്ഷ്യം നേടാൻ ശ്രമിക്കുമ്പോഴും പ്ലേറ്റോ വായുവിനുവേണ്ടി ആഗ്രഹിച്ചതുപോലെ തീവ്രമായി ആഗ്രഹിക്കാൻ ശ്രമിച്ചാൽ വിജയം നിശ്ചയം. മനസ്സിനെ ഏകാഗ്രമായി നിർത്തുന്നതു പ്രധാനം. വലിയ വിജയം വരിച്ചവരെല്ലാം ഇങ്ങനെ ചിന്തിച്ചവരായിരുന്നു. പക്ഷേ, നാമെല്ലാം ചിലപ്പോൾ ചിലതു തുടങ്ങും പലതും ചെയ്യുമെന്നു വീമ്പിളക്കും ഇടയ്ക്കു വിട്ടുകളയുകയും ചെയ്യും.

"അന്നെന്നു തുടങ്ങിയുമന്നെന്നു മുടങ്ങിയും
പിന്നെയുമതിന്നാരംഭിച്ചീടുന്നവൻ മൂഢൻ" എന്ന് വിദൂരവാക്യം

ലക്ഷ്യം നിർവചിച്ചിട്ടേ ഏതു കാര്യവും ചെയ്യാൻ കഴിയൂ. ലക്ഷ്യമെന്നാൽ ഇന്ന സമയത്ത് തീരണമെന്ന് നിശ്ചയിച്ച സ്വപ്നമാണെന്നും പറയാറുണ്ട്. നമ്മുക്കു വേണ്ടതെന്തെന്ന് നിശ്ചയിച്ചിട്ടു വേണം പ്രവർത്തനം ആരംഭിക്കുക. വെറുതെ ആരംഭിക്കുകയല്ലേ, തീവ്രമായ ആഗ്രഹം ഓരോ നിമിഷവും നില നിർത്തിക്കൊണ്ട് പ്രയത്നിക്കുകയാണ് വേണ്ടത്. കത്തിനിൽക്കുന്ന ആഗ്രഹമെന്നും ഇതിനെ വിശേഷിപ്പിക്കാം. മനുഷ്യപ്രയത്നത്തിന് പരമാവധി ശക്തിപകരുന്ന തീവ്രമായ ആഗ്രഹമാണെന്നും ഇതിനെ വിശേഷിപ്പിക്കാം.മനുഷ്യപ്രയത്നത്തിന് പരമാവധി ശക്തി പകരുന്ന

തീവിരമായ ആഗ്രഹമാണെന്നും പ്രചോദകഗ്രന്ഥകാരൻ പോൾ ജെ മേയർ. ബേണിംഗ് ഡിസൈനറിനു പകരം മറ്റൊന്നില്ല.

പഴയൊരു വനപാലന്റെ കഥ കേൾക്കുക: വലിയ വനമൊന്നുമല്ല അയാൾ പാലിച്ചത്. ചെറുപട്ടണത്തിന്റെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടികൊണ്ട് കണ്ണിനു കുളിരേകുന്ന  തെളിനീർത്തടാകം ശുദ്ധമായി നില നിർത്താൻ അയാൾ ഏകാഗ്രതയോടെ നിരന്തരം പ്രവർത്തിച്ചിരുന്നു.തടാകത്തിലേക്ക് ഒഴുകിയെത്തുന്ന കാട്ടരുവികളിലെ തടസ്സങ്ങൾ നിത്യവും  മാറ്റിപ്പോന്നു. ചുറ്റുമുള്ള ചവറിന്റെ അംശംപോലും തടാകത്തിലേക്ക് ഒഴുകിയെത്താൻ അയാൾ അനുവദിച്ചിരുന്നില്ല. അച്ഛസ്ഫടികസങ്കാശമായ ജലാശയങ്ങളിൽ ചാരുതയാർന്ന അരയന്നങ്ങളൊഴുകിനടന്നു. ചുറ്റുമുള്ള ചെറുമില്ലുകൾ തടാകത്തിലെ ചാരുതയാർന്ന ശുദ്ധജലം ഉപയോഗിച്ച് തടസ്സമില്ലാതെ പ്രവർത്തിച്ചു.

അങ്ങനെ കഴിയുമ്പോൾ, പട്ടണത്തിലെ ബജറ്റ് മീറ്റിങ്ങിൽ ഒരംഗം വൃദ്ധന് അനാവശ്യമായി ശമ്പളം കൊടുത്തുവരുന്നത് നിർത്തൽചെയ്യണമെന്ന് വാദിച്ചു. ജയിച്ചു. വൃദ്ധനെ പിരിച്ചുവിട്ടു. ആദ്യം വലിയ കുഴപ്പമൊന്നും വന്നില്ല. അരുവികളിൽ ചവർ തടഞ്ഞു ക്രമേണ നീരൊഴുക്കു കുറഞ്ഞു. ഇലപൊഴിയുംകാലം വന്നതോടെ വൻതോതിൽ ചവറടിഞ്ഞ് തടാകത്തിലെ ജലം മലിനമായി. ദുർഗന്ധം ജനങ്ങളെ അകറ്റി. അരയന്നങ്ങൾ പോയി. മില്ലുകളുടെ ചലനവേഗം കുറഞ്ഞു. ജലം കുറുകി. അന്വേഷണം നടത്തി. തീവ്രമായി മനസ്സുവച്ചു പ്രവർത്തിച്ച വൃദ്ധന്റെ സേവനത്തിന്റെ ഗുണം തിരിച്ചറിഞ്ഞു. അയാളെ തിരികെ നിയമിച്ചു. ഏതാനം ആഴ്ചകൾക്കകം തടാകവും ചുറ്റുപാടും പഴയ സൗന്ദര്യം വീണ്ടെടുത്തു. തീവ്രമായ ആഗ്രഹത്തോടെയുള്ള ശ്രമത്തിനു പകരംവയ്ക്കാൻ അധികാരികൾക്കു മറ്റൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

**Sneha Sara Jacob**
**9 A**





**SANIYA SHIBU**
**8A**

## ക്യാമറക്കണ്ണുകൾ ഒപ്പിയ ചില നിമിഷങ്ങൾ












# നന്ദി......

"e-മഷി"കൊണ്ട് കോറി-
യിട്ട വരകളും
നിറമാർന്നഅക്ഷരങ്ങളും
കൊണ്ട് ഇതിനെ മനോഹരമാ
ക്കിയ എല്ലാ കൂട്ടുകാർക്കും,
അദ്ധ്യാപകനദ്ധ്യാപകർക്കും,
ഇതിന് നേതൃത്വം നൽകിയ
സജിനി ടീച്ചറിനും,മേഴ്സിടീച്ച-
റിനും...

# ഹൃദയം നിറഞ്ഞ നന്ദി......

